(സി) നടപ്പ് അദ്ധ്യയനവർഷത്തിൽ 1045 സ്കൂളുകൾ (582 ഗവൺമെന്റ് സ്കൂളുകളും 463 എയിഡഡ് സ്കൂളുകളും) ദത്തെടുത്തിട്ടുണ്ട്.

(ഡി) 1998-99 അദ്ധ്യയനവർഷം ദത്തെടുക്കപ്പെട്ട 661 സ്കൂളുകളുടെ പഠനനിലവാരവും വിജയശതമാനവും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് അവലോകനത്തിനു വിധേയമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

	ഗവൺമെന്റ്	എയ്ഡഡ്	ആകെ
വിജയശതമാനം വർദ്ധിച്ച സ്കൂളുകളുടെ എണ്ണം	277	1557	434
വിജയശതമാനം മാറ്റമില്ലാത്ത സ്കൂളുകളുടെ എണ്ണം	23	8	31
വിജയശതമാനം താഴ്ന്ന സ്കൂളുകളുടെ എണ്ണം	125	71	196

(ഇ) ഉണ്ട്. കുട്ടികളുടെ പങ്കാളിത്തം പരമാവധി ഉപയോഗപ്പെടുത്തുക വഴി പഠന കാര്യങ്ങൾ കണ്ടുംകേട്ടും ചെയ്തും മനസ്സിലാക്കാനുള്ള അവസരം അവർക്കുണ്ടാക്കിക്കൊടുക്കുന്ന രീതിയിലാണ് ഈ പദ്ധതിയിലെ ബോധന പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. അല്ലാതെ മറ്റു സാങ്കേതിക സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) ഇത്തരമൊരു സാഹചര്യം നിലവിലില്ല.

48 (465) ഏരിയാ ഇൻസെന്റീവ് സ്കീം അനുസരിച്ചുള്ള സ്കൂളുകൾ നടത്താൻ അനുവാദം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇൻസെന്റീവ് സ്കീം അനുസരിച്ചുള്ള സ്കൂളുകൾ നടത്താൻ അനുവാദം നൽകിയത് ഏതെല്ലാം സംഘടനകൾക്കാണ്; എവിടെ എല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകൾ നടത്തുന്നതിന് സർക്കാർ ഏതെങ്കിലും ധനസഹായം അനുവദിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം സ്കൂൾ നടത്തിപ്പിന് സന്നദ്ധ സംഘടനകൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കുന്നതിനുവേണ്ടി ഈ സ്ഥാപനങ്ങൾ എയിഡഡ് സ്കൂളുകളായി ഉയർത്താൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന സംഘടനകൾക്കാണ് ''ഏരിയ ഇൻസെന്റീവ് സ്കീം'' പ്രകാരം സ്കൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ല.

1. ജാമിയ മദിവിയ ട്രസ്റ്റ് ബോർഡ്, ഇടവണ്ണ.
2. എടാര മുസ്ലീം ഓർഫനേജ് കമ്മിറ്റി.
3. പൊന്നാനി താലൂക്ക് മുസ്ലീം ഓർഫനേജ്.
4. ജാമിയ സാലഹിയ എഡ്യൂക്കേഷണൽ അസോസിയേഷൻ, പുളിക്കൽ.
5. മൗനത്തിൽ ഇസ്ലാമിക് അസോസിയേഷൻ.
6. അസ്സബീഗ് അസോസിയേഷൻ.
7. മർയാ ആയത്ത് ഇസ്ലാമിക് അസോസിയേഷൻ.
8. എജാത്തുൾ ഇസ്ലാമിക് മദ്രസ കമ്മിറ്റി.
9. അൽ ദൗസർ മുസ്ലിം വെൽഫയർ ബോർഡ്.
10. ഇലാമാമം യത്തീംഖാന, വാഴക്കാട്.
11. ഹയാത്തുൽ ഇസ്ളാം സംഘം, ബജിയിൽ.
12. മലയായത്തുൽ ഇസ്ലാം ഓർഫനേജ്, ഇളയൂർ
13. ജമാഇയാത്തുൾ മുസ്ലിമിൻ സംഘം.
14. വിളയിൽ പരച്ചൂർ ബീവി എം.എസ് യത്തീംഖാന.
15. ജമഇയാത്തുൾ മുസ്ലിമിൽ പരത്തെക്കാട്, തിരൂർ.
16. ജമഇയാത്തുൾ മർക്കിയത്തിൽ ഇസ്ലാമിക്, തിരൂർ.
17. ജമഇയാത്തുൾ അലഫിയ, പരവണ്ണ.
18. ഇസ്ലാമിക് ചാരിറ്റബിൾ സൊസൈറ്റി, തിരൂർ.
19. എം.ഇ.എസ്. ഇറിനിലയം.
20 സർതജ്ല്യാസ ലിസ്പത്തിൽ ഇസ്ലാമിയ, പുറവണ്ണൂർ.
21. വാർകത്തൂൽ മുസ്ലീം എഡ്യൂക്കേഷണൽ ട്രസ്റ്റ്, നെല്ലിശ്ശേരി.
22. മകടുംലിയ ഇസ്ലാമിക് കൾച്ചറൽ കോംപ്ലക്സ്.
23. കേരള അയർറ്റ് ലിറ്ററസി മൂവ്മെന്റ്, അരിയക്കോട്.
24. എം.ഇ.എസ്. തൃക്കണ്ണാപുരം

വയനാട്.

പനമരം ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൻ സൊസൈറ്റി.

കോഴിക്കോട്

1. ഇസ്ലാമിക് എഡ്യൂക്കേഷണൽ മൂവ്മെന്റ്, ഫറോക്ക്.
2. കൊടുവള്ളി മുസ്ലീം ഓർഫനേജ് കമ്മിറ്റി.
3. സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ട്രസ്റ്റ്, തല്ലികാപറമ്പ.

പാലക്കാട്

1. എം.ഇ.എസ്. ഇടത്തനാട്ടുകര.
2. ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി, കാർക്കിടംകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാസർകോഡ്

1. ഇസ്ലാമിക് കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ ചാരിറ്റബിൾ സൊസൈറ്റി.

(ബി) ഇതു ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൻ കീഴിൽ തുടങ്ങിയ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഈ സ്കൂളുകൾക്ക് എയ്ഡഡ് സ്കൂളുകളായി ഉയർത്തിയാൽ അധിക സാമ്പത്തിക ഭാരമുണ്ടാവുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

49 (466) എ.ഇ.ഒ. ഓഫീസ് തുടങ്ങാൻ നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട മൂക്കത്ത് എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എ.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അധിക സാമ്പത്തികബാദ്ധ്യത കണക്കിലെടുത്തും വ്യയനിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ ആവശ്യം തൽക്കാലം മാറ്റി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

50 (467) സ്കൂൾ കരിക്കുലം സംബന്ധിച്ച് രൂപരേഖ

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കരിക്കുലം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നല്കുമോ;

(സി) ഇത് തയ്യാറാക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വിചക്ഷണരുടെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ ആരുടെ എല്ലാമെന്നു വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly